

# ലിറ്റിൽ ബൈറ്റ്സ്

**DIGITAL MAGAZINE**



## സെന്റ് തോമസ് ഹൈസ്കൂൾ, പുന്നയാർ

PPTBackgrounds.net

സെന്റ് തോമസ്
ഹൈസ്കൂളിലെ ലിറ്റിൽ
കൈറ്റ്സിന്റെ ഈ എളിയ
ശ്രമം  നിങ്ങളുടെ ഏവരുടെയും
അനുഗ്രഹാശിസുകൾക്കായി
സാദരം സമർപ്പിക്കുന്നു

# അണിയറയിൽ

അശ്വിൻ സിബി

ഡിയോൺ ബൈജു

ഡെന്നിസ് ബിജോ

അൻസിമോൾ സി സി

നന്ദന സജി

ബിസ്മി ബെന്നി

## മാർഗനിർദേശങ്ങൾ

ശ്രീ ജെസ്സ് ജോസ് കൈറ്റ് മാസ്റ്റർ

ശ്രീമതി നൈസി ജോസഫ് കൈറ്റ് മിസ്ട്രസ്

# ഉള്ളടക്കം


| | |
|---|---|
| ആശംസകൾ | |
| ദൈവമേ....... | നന്ദന ഗിരീഷ് |
| കണ്ണുനീർ............. | ബിസ്മി ബെന്നി |
| ഭൂമി........... | ഹന്നമോൾ സാജൻ |
| തണൽ മരം ............. | ആഷ്‌ലി സാലു |
| എൻ നാട് .......... | ബിസ്മി ബെന്നി |
| വിദ്യാലയം......... | നന്ദന ഗിരീഷ് |
| വാലില്ലാ കുറുക്കൻ .......... | ടോണി മാത്യൂ |
| സ്ത്രീ ............ | ബിസ്മി ബെന്നി |
| കേരളം | |
| മഴയേ നീ എവിടെപ്പോയി ........ | അസ്വിക പി പി |
| അമ്മ .......... | ടോണി മാത്യൂ |
| പ്രളയാനന്തര കേരളം ............ | ശ്രേയാ ജിജോ |
| കേരളത്തെ നടുക്കിയ പ്രളയം ദൃശ്യങ്ങൾ | |
| നഗരങ്ങൾ ഗ്രാമങ്ങളാകുമോ? | ബിസ്മി ബെന്നി |
| വേർപാട് ...................... | ജെസ്ന ജെയിംസ് |
| സ്ത്രീ പുരുഷ സമത്വം ........ | അനമോൾ ഷാജി |
| സൗഹൃദം ............. | ബിസ്മി ബെന്നി |
| നവകേരളം .......... | ജോബിന |
| ഡ്രോയിങ്ങ്സ് ............. | ടോണി മാത്യൂ |



സെന്റ് തോമസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. കുട്ടികളിൽ ഐ റ്റി നൈപുണികൾ വികസിപ്പിക്കുന്നതിന് ഇത് സഹായിക്കും. ആശംസകൾ നേരുന്നു.

ശ്രീ എം ടി ജോർജ്

ഹെഡ് മാസ്റ്റർ

## ആശംസകൾ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് ഐ റ്റി ക്ലബ് നമ്മുടെ സ്കൂളിലും സജീവം ആയി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയസാങ്കേതികവിദ്യയുടെ വിസ്മയലോകത്തേക്ക് വിവിധ പഠനാനുഭവങ്ങളിലൂടെ കുട്ടികളെ നയിക്കാൻ "കൈറ്റ് "ആവിഷ്കരിച്ചിരിക്കുന്ന പ്രവർത്തനങ്ങളിൽ ഒന്നാണ് ഐ റ്റി ക്ലബ്. ഓരോ സ്കൂളിൽ നിന്നും നിശ്ചിത എണ്ണം കുട്ടികളെ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അംഗങ്ങൾ ആക്കുന്നത്.തെരഞ്ഞെടുക്കപെട്ട കുട്ടികൾ ഹൈ ടെക് സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ധ്യാപകരോടൊപ്പം പങ്കാളികൾ ആകുന്നു. ലിറ്റിൽ കൈറ്റ്സ് പദ്ധതിക് നേതൃത്വം നൽകുന്ന പരിശീലകരായ ശ്രീ.ജെസ് ജോസ് സാറിനും,ശ്രീമതി നൈസി ജോസഫ് ടീച്ചറിനും,ഈ ക്ലബ്ബിലെ അംഗങ്ങളായ എല്ലാ വിദ്യാർത്ഥികൾക്കും വിജയാശംസകൾ നേർന്നു കൊണ്ട്,



ശ്രീമതി ഷിജ മാത്യു,

SITC

# ആശംസ

വിവരസാങ്കേതിക വിദ്യയുടെ വാതായനങ്ങൾ തുറന്നുകിടക്കുന്ന ഈ കാലഘട്ടത്തിൽ ഉയരങ്ങളിലേക്കുള്ള ശാസ്ത്രസാങ്കേതിക വളർച്ച പ്രശംസനീയമാണ് .ലോകംമുഴുവൻ മാറിമറിയുന്ന ഇന്നിന്റെ സഹചര്യത്തിൽ കുട്ടികൾക്ക് IT രംഗത്ത് നൂതനമായ കർമപദ്ധതികൾക്ക് രൂപം കൊടുക്കുന്ന ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്ന എന്നത് അഭിമാനാർഹമാണ് .തങ്ങളുടെ കഴിവുകളും അഭിരുചികളും മനസിലാക്കി ഈ കാലഘട്ടത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ നമ്മുടെ കുട്ടികൾക്കാവും എന്നത് തീർച്ചയാണ് .ലോകം കൈവെള്ളയിൽ ചുരുങ്ങിയിരിക്കുന്ന സാങ്കേതികവിദ്യയുടെ നൻമ തിന്മകളെ തിരിച്ചറിഞ്ഞു അപരന്നു വെളിച്ചം പകരുന്ന ,മറ്റുള്ളവരെ നന്മയിലേയ്ക്ക് തിരിക്കുന്ന നക്ഷത്രങ്ങളാവാൻ ഇതിലൂടെ സാധിക്കും അറിവിന്റെ അക്ഷയഖനികൾ ആവോളം ആസ്വദിക്കാൻ ഇതിൽ പ്രവർത്തിക്കുന്നവർക്കും ഇതിന് നേതൃത്വം കൊടുക്കുന്നവർക്കും ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടെ ലിറ്റിൽ കൈറ്റിനു എല്ലാവിധ ആശംസകളും നേർന്നു കൊണ്ട്



സി. ടെസിൻ
മലയാളം അധ്യാപിക

# <u>ആശംസ</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപികരിച്ച little kites it club നമ്മുടെ സ്കൂളുകളിൽ സജീവമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയ ലോകത്തേക്ക് വിവിധ പഠനാനുഭങ്ങളിലൂടെ കുട്ടികളെ നയിക്കാൻ kite ആവിഷ്കരിച്ചിരിക്കുന്ന കർമ്മ പരിപാടിയുടെ ഭാഗമായ ഈ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.



ശ്രീമതി ടിജി ജോർജ്
മലയാളം അധ്യാപിക

# ദൈവമേ.....................

*മന്ദാരപ്പൂവിലും മഞ്ഞിൻകണത്തിലും*

*ചന്തം ചൊരിയുന്ന ചാരുമൂർത്തേ*

*മൺത്തരിക്കുള്ളിലും മാമലക്കുള്ളിലും*


*സ്പന്ദനം കൊള്ളുന്ന ചാരുസത്തെ....*

*ചിന്തയിൽ വാക്കിൽ*

*പ്രവർത്തിയിലൊക്കയും*

*ചിന്തണെ നന്മതൻ*

*ത്തുവെളിച്ചം..........*



*നന്ദന ഗിരീഷ്*

# കണ്ണുനീർ

*സുന്ദരമാം നയനത്തിലൊരു മഴത്തുള്ളി*
*ദുഖത്തിൽ നീയൊരു ശാപം*
*സന്തോഷത്തിൽ നിന്നെ ആരോ വിളിച്ച*
*ആനന്ദാശ്രുവെന്ന്..............*
*എൻ ഹൃദയത്തിൽ അടിയും*
*ദുഖമാം ചേറിനെ*
*കഴുകികളയും കണ്ണീര്*
*സത്യത്തിൽ നീയെൻ തോഴി*
*എന്നാൽ ലോകം മൊഴിഞ്ഞു നീ ശാപമെന്ന്*
*കണ്ണീരിൻ കിരണങ്ങൾ*
*എന്നിൽ പതിഞ്ഞു*
*ധൈര്യത്തിൻ പ്രതിമയെ നീ കൊണ്ടുവന്നു*
*ജീവിതത്തിൻ ഫലമതിക്കുമൊരു സുഹൃത്ത്*
*മഴയെപോൽ നീ മൃദുലം*
*നയനത്തിൽ നിന്നും മൊഴിഞ്ഞൊരുമുത്ത്*
*വെൺമേഘത്തിൽ നിന്നും*
*പൊഴിഞ്ഞ മഴയെപോൽ നീ*
*ഭൂമിയിൽ ഇറങ്ങിയ ദേവത*
*പുഴയെപ്പോൽ വറ്റാത്ത ഉറവ......*

*ബിസ്മി ബെന്നി*

# ഭൂമി...........

മരതക പാട്ട് മേനിയില് അണിഞ്ഞു
മാനത്തുനോക്കി ചിരിക്കും ഭൂമി
എന്തൊരു സുന്ദരഭൂമി എത്ര മനോഹര ഭൂമി
നമ്മുടെ സുന്ദര ഭൂമി എന്തു അഴകുള്ള ഭൂമി
മലനിരകളും വയലേലകളും കളകളമൊഴുകും
അരുവികളും നിറഞ്ഞ ഭൂമി
ഇളം കാറ്റും നിറഞ്ഞ ഭൂമി
മാനം മുട്ടും കുന്നിൻ ചെരുവുകളും
കാറ്റു വീശും താഴവരകളും നിറഞ്ഞ ഭൂമി
ഇത് നമ്മുടെ ഭൂമി
മരതക പാട്ട് മേനിയില് അണിഞ്ഞു
മാനത്തുനോക്കി ചിരിക്കും ഭൂമി
എന്തൊരു സുന്ദര ഭൂമി എത്ര മനോഹര ഭൂമി
നമ്മുടെ സുന്ദര ഭൂമി എന്തു അഴകുള്ള ഭൂമി...............

ഹന്നമോൾ സാജൻ

# തണൽ മരം

*വേനലില് ഒരു കുളിര് മരമായ്*
*എൻ കാതിലെ വെൺമരമായ്*
*ആടിയുലയുന്ന ചില്ലകളാല് തഴുകി*
*കുളിരിന് കണങ്ങൾ പൊഴിക്കുന്നു നീ*
*ആയിരം കുരുവികൾക്കഭയമണ് നീ*
*പൊന്നുണ്ണി ചായുന്ന തണലാണു നീ*
*പച്ചില തലപ്പുകൾ നീളെ ചാർത്തി*
*പുഷ്പം പൂതച്ച നിന്നെ നൊക്കുമ്പോൾ*
*കൺകുളിരുന്നു കരൾതണുക്കുന്നു*
*നാടിന് തണലായി മാറുന്നു നീ*

*വേനലില് ഒരു കുളിര് മരമായ്*
*എൻ കാതിലെ വെൺമരമായ്*
*ആടിയുലയുന്ന ചില്ലകളാല് തഴുകി*
*കുളിരിന് കണങ്ങൾ പൊഴിക്കുന്നു നീ*

*ആഷ്ലി സാലു*

# എൻ നാട്

ഉഷസിൻ പൂവനിയിൽ കളിചിരിക്കു കൂട്ടായി
കിളികളും പൂക്കളും ശലഭങ്ങും
പുലരിയിൽ പൂമൊട്ട് വിടരുവാൻ
കിളികളും ശലഭവും നത്തമാടും....
ആളുകൾ ആതിരാവിലെ കിഴക്കനിയിൽ
നിന്നിടും സ്വപ്നത്തിൽ
പച്ചപരവതാനിയിൽ പാടങ്ങൾ
നിലകൊണ്ടു................
തോട്ടും , പുഴയും , കാറ്റും, മേട്ടും
എന്നും നാടിൻ ഭംഗിയാൽ നിറച്ചും
നീലവർണ്ണത്താൽ നിറയും കനിയും
നാടിൻ ഐശ്വര്യമാണ് നദിജലങ്ങൾ
ഹരിതരത്നങ്ങൾ എന്നും
ശിരസുയർത്തും പർവതങ്ങളും
കുന്നുകളും...........
നാട് എന്നും കണിക്കുവാൻ
മനുഷർ തൻ ഭാവി ഉണമേകുവാൻ

ബിസ്മി ബെന്നി

## വിദ്യാലയം

വിദ്യാലയമൊരു പൂവാടി
വിദ്യാർത്ഥികളുടെ പൂവാടി
വിശ്വം വിളങ്ങും പൂവാടി
വിജ്ഞാനത്തിൽ പൂവാടി
വിനോദമരുളും പൂവാടി
വിജ്ഞാനമരുളും പൂവാടി
വിശ്വം തിളക്കും പൂവാടി
വിദ്യാലയമൊരു പൂവാടി

നന്ദന ഗിരീഷ്

# വാലില്ലാകുറുക്കൻ

ഒരിക്കൽ ചിങ്കൻകുറുക്കന്റെ വാൽ എങ്ങനെയോ ഒരു തടിയുടെ ഇടയിൽപ്പെട്ടു. എത്ര ശ്രമിച്ചിട്ടും വാൽ ഊരിയെടുക്കാൻ കഴിഞ്ഞില്ല. അവസാനം ചിങ്കൻ മുറിവാലുമായി കാട്ടിലേക്കോടി. പോകുന്ന വഴി ഒരു പുഴ കടക്കണമായിരുന്നു.പുഴയിൽ തന്റെ പ്രതിഛായ കണ്ട് ചിങ്കന് തന്നോടുതന്നെ അവജ്ഞ തോന്നി! എങ്കിലും തന്ത്രശാലിയായ അവൻ വീണടം വിദ്യയാക്കി മാറ്റി. ചിങ്കൻ സ്നേഹിതരുടെ മുമ്പിൽ ആളു കളിച്ചു.അവൻ വലിയ ഗമയിൽ പറഞ്ഞു "എങ്ങനെയുണ്ട് കൂട്ടുകാരേ, എന്റെ പുതിയ ഫാഷൻ? "

"കൊള്ളാം കൊള്ളാം"

ചെറുപ്പക്കാരായ കുറുക്കന്മാർ തലകുലുക്കി സമ്മതിച്ചു.''എല്ലാവരും വാലു മുറിച്ചുകളഞ്ഞ് എന്നെ പോലെ സുന്ദരന്മാരാകുവിൻ". ചിങ്കൻ പറഞ്ഞു. കുറേ യുവകുറുക്കന്മാർ മുന്നോട്ട് വന്ന് വാൽ മുറിച്ചുകളയാൻ തുടങ്ങി.എവിടെയും ഏത് കോമാളിത്തവും ഫാഷനായി കണ്ട് അനുകരിക്കാൻ ആദ്യം തയ്യാറാകുന്നത് യുവജനങ്ങളാണല്ലോ. ഇവിടെയും അതുതന്നെ
സംഭവിച്ചു

അപ്പോഴതാ വൃദ്ധനായ ഒരു കുറുക്ക
ന്റെ ചോദ്യം "ഒരിക്കൽ മുറിച്ചുനീക്കിയ വാൽ
പിന്നീടു നമുക്ക് ആവശ്യം വന്നാൽ വച്ചു പിടിപ്പിക്കാനാകുമോ?”

വാലില്ലാക്കുറുക്കന് ഉത്തരം മുട്ടി. വയസ്സൻ
കുറുക്കൻ വീണ്ടും ചോദിച്ചു.''എന്തിനാ കുഞ്ഞു
ങ്ങളെ ദൈവം തന്ന രൂപം വികൃതമാക്കുന്നത്.
തനിക്കു പറ്റിയ ആപത്ത് മറ്റുള്ളവർക്കുകൂടി
ഉണ്ടാക്കാൻ ആഗ്രഹിച്ച ദുരാഗ്രഹിയായ കുറുക്കൻ സ്ഥലം വിട്ടു. വലിയ ആപത്തിൽ നിന്ന്
തക്ക സമയത്ത് സഹായിച്ച വയസസൻ കുറുക്കനോട് ചെറുപ്പക്കാർ നന്ദി പറഞ്ഞ ു.എന്നിട്ടവർ ആ കാടാകെ പാറിനടന്നു

ടോണി മാത്യു

# സ്ത്രീ........

ആഴത്തിൽ മുങ്ങിയ മുത്തേ
കണ്ണീരിൽ വീണൊരു സ്വത്തേ
അഴലിന്റെ കോണിൽ ഹോമിക്കും ജീവൻ

വെളിച്ചത്തിൽ വന്നാൽ അഹങ്കാരി
അടിമത്വം ഇനിയും തീർന്നില്ലേ.....
നിന്റെ കണ്ണീരുറവ വറ്റില്ലേ..........

പെറ്റുകൂട്ടാനും വെച്ചുവിളമ്പാനും
മാത്രമായോ നിൻ ആയുസ്
ദൈവം നാവും തലച്ചോറും  നിനക്കും നൽകി
ഉണരുക ഇനിയും വൈകിയിട്ടില്ല

ഉണരൂ പെൺമനസ്സേ വേഗം
ധൈര്യം പകരുക നാലു കോണിലും
ഒതുങ്ങുകയല്ലാ വേണ്ടത്
നാം ഇനിയും മുന്നേറണം
പുറം ലോകം കാണുക

നാം ഇനിയും വൈകിയിട്ടില്ല
പ്രതികരിക്കുക നമുക്കൊരു തൊഴിൽ വേണം
എന്തിനും ഏതിനും  ഒതുങ്ങി
കൂടേണ്ടവരല്ലാ നാം ........
മുന്നേറണം...............

ബിസ്മി ബെന്നി

# കേരളം

കേരളമേ പുണ്യ ജനനി
ആദരണീയമാം  സർവജനനി
ലോകായ്ക്ക സ്വരധാരണി നീയേ
സർവ്വർക്കും അമ്മയും നീയെ

പച്ചപുതപ്പ് വിരിക്കും നാടിൻ
മനോഹാരിതയും അതുതന്നെ
കേരകൾ നിറയുമി
കേരളം തന്നിലെത്ര

പൂക്കളും പുഴകളും
മലയും മലനിരയും
നിറയും കേരനാട്
കേരളം എന്നുടെ നാട്

എന്നിലെ ജീവനും
എന്നിലെ ശ്വാസവും
എന്നിലെ എല്ലാമെല്ലാം
നിന്നുടെ ദാനമല്ലേ

## മഴയെ നീ എങ്ങുപോയി...

*മഴയെ നീ എങ്ങുപോയി*
*മഴത്തുള്ളികളാൽ നീ*
*എന്നെ നിറച്ചിട്ട് മറഞ്ഞുപോകവെ*
*ഞാൻ നിൻ കരങ്ങളാൽ കുളിരണിയും*
*നിൻറ മഴത്തുള്ളികൾ എത്ര അത്*
*നിൻ വരവിനായി ഞാൻ കാത്തിരിക്കും*
*മനസ്സിൽ കുളിരായി എൻ സ്വന്തനമായി*
*വന്നു*
*മഴയെ നീ എങ്ങുപോയി*
*മുത്തുമണിയായി നീ പെയ്തിറങ്ങി*
*എൻമനതാരിൽ*
*എൻ സംഗീതമായി പെയ്തിറങ്ങും*
*മഴയെ നീ എങ്ങുപോയി............*

*അസ്വിക പി.പി*

# അമ്മ

സ്നേഹം പ്രഭയായി ചൊരിയുന്നവൾ അമ്മ
സൂര്യൻ ഉദിക്കും മുമ്പെ ഉണർന്ന്
വീടിന് ഐശ്വര്യ ദേവതയവൾ അമ്മ
ജീവിതമാം പാതയിൽ എന്നും തുണയായിട്ടുന്നെന്നമ്മ
ഹൃദയമുരുക്കുന്നവേദിയിലും തണലായി മാറിടുന്നവൾ
ആപത്തിലെന്നമ്മ കൂടെയെന്നാകിലൊ
ശക്തിയാം വാതിൽ നിറഞ്ഞിടുന്ന
മക്കൾ തൻ ഹൃദയമിടുപ്പിൽ സ്പന്ദനം
അറിയുന്നവളമ്മ
കാരുണ്യ ദീപമായി കനിവിന്റെ കരുതലായി
കടലാകുന്ന ജീവിതത്തിൽ
ഇരുളെന്ന അസുരനെ
നീക്കുന്ന പ്രഭാവലയമവൾ

ടോണി മാത്യു

# പ്രളയാനന്തര കേരളം

പുലർകാറ്റിൽ മഞ്ഞുചൊരിയുന്ന സായാഹ്നം സൂര്യ കിരണങ്ങൾ ആ കാറ്റിൽ ആ കണ്ണുകളെ തലോടി. വിതുമ്പി നിൽക്കുന്ന കാർമേഘം കരഞ്ഞു മഴ പെയ്യിച്ചു. കുളികഴിഞ്ഞ് തുളസിക്കതിർ ചൂടി അമ്മ അകത്തു വന്നു. ആ ഇടതൂർന്ന മുടിയിഴകളിലൂടെ ഇറ്റിറ്റായി വെള്ളം ചാടിയിരിക്കുന്നു. അമ്മ ഉണ്ണിയെ വിളിച്ചു. ഉണ്ണി തന്റെ കണ്ണുകൾ തിരുമിക്കൊണ്ട് ആ പൊൻ പ്രഭാതത്തെ വരവേറ്റു. മഴയുടെ ആ ആരവ ശബ്ദത്തോടെ പാറകൾ കൂട്ടിമുട്ടുന്ന ശബ്ദത്തോടെ ഉണ്ണിയുടെ കൺമുന്നിലൂടെ വൻ ഉരുൾ കടന്നുപോയിരിക്കുന്നു. അപ്പോഴാണ് അവർ ആ വാർത്ത കേൾക്കുന്നത്. വർഷങ്ങ
ളായി പൂട്ടിയിരിന്ന സഞ്ചാരികൾക്ക് മാത്രമായി തുറന്നിരുന്ന ആ വൻസാഗരമായ ഇടുക്കി ഡാമിന്റെ എല്ലാ ഷട്ടറുകളും തുറന്നു. അപ്പോഴാണ് ആ വീട്ടനിറയെ അന്തകാരമാക്കി ആ വീട്ടിലെ വെളിച്ചം മുഴുവൻ പോയിരിക്കുന്നത് കുട്ടികളിൽ ആവേശവും മുതിർന്നവരിൽ ഭീതിജനകവുമായ ആ നിമിഷത്തിന് സാക്ഷി ആകുവാൻ ഉണ്ണിയും കുടുംബവും പോയത്. അന്നേരമാണ് ഉണ്ണിക്ക് തോന്നിയത് ഈ കേരളത്തിൽ ഇത്ര അധികം നാശനഷ്ടങ്ങളുണ്ടാകുമ്പോൾ എനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയണം. അതിന്റെ പരിശ്രമത്തിൽ നാടാകെ ജനങ്ങൾ ഉണർന്നപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അവൻ കൂട്ടിവച്ച എല്ലാ പൈസകളും അവൻ അതിലേക്ക് കൊടുത്തു . അമ്മയും അച്ഛനും അവനെ നിറകണ്ണുകളോടെ വാരിപ്പുണർന്നു.

ശ്രേയാ ജിജോ

# കേരളത്തെ നടുക്കിയ പ്രളയം : ദൃശ്യങ്ങൾ





# നഗരങ്ങൾ ഗ്രാമങ്ങളാകുമോ

പെട്ടിയടുക്കി കൂട്ടിയ ഫ്ലാറ്റുകൾ
വെട്ടി മിനുക്കിയ സ്വർണ്ണക്കടകൾ
വേഗതയേറി ഓടിയ വണ്ടികൾ
മാലിന്യത്തിൽ മുങ്ങിയ റോഡുകൾ

അധികാരത്തിൻ മേൽനോട്ടത്തിൽ
വിരുന്നുകാരാം നമ്മൾ മനുഷ്യർ
ചീറി പാറി ഓടിയ വണ്ടികൾ
അപകടകാരികൾ ആകെ കണക്കെ

നിൽക്കും തോതിൽ വണ്ടിക്കടിയിൽ
മനുഷ്യർ തൻ പുഴയളവിൽ ചോര
വെട്ടിക്കൂട്ടിയ പത്രാസുകളോ
മനുഷ്യർക്കിടയിൽ അഭിമാനത്തിര

ചില്ലുകൾ പൂട്ടിക്കെട്ടിയ മുറികൾ
ആകാശത്തിൽ മുട്ടിയ വീടുകൾ
പകലുകൾ പോലും തിളങ്ങും
വീടുകൾ, പച്ചപ്പില്ലനഗരങ്ങൾ തൻ
കെട്ടിയുയർത്തിയ വില്ലൻ കടകൾ

ഒരുമയുമില്ല മനുഷ്യരുമൊത്ത്
നഗരത്തിൻ കുരമ്പുകളും
മാലിന്യത്തിൻ വിടുതലുമില്ല
തോടുകളെല്ലാം ഒരുമതോടെ

ബോർഡുകണക്കെ വലുതായ് നിറയെ
സിനിമാകഥയുടെ ഫ്ളക്സുകളും
ഒരുമയില്ലാ നഗരങ്ങൾ

ബിസ്മി ബെന്നി

# വേർപാട്

ആദ്യമായി കണ്ട ആ നാൾ മുതല്
എന്നിലെ മായാത്ത ദീപമായ്
നിന്നിലെ സ്നേഹം എന്നിലായെന്നും
മായാത്ത നില്ലക്കുമീ വേളകളില്
എന്നിലായ് അകന്നു പോയില്ലയോ
എന്തിനു പോയെന്നു ചൊല്ലിടാതെ
നിന്നിലെ ഓർമ്മകൾ പോയ്മറഞ്ഞു
ഇരുളിലേക്കു മറഞ്ഞിടുന്നു
നിശ എന്നിലെ സപ്നമായ്
വന്നു പോയിങ്ങനെ നിന്നില്ലയോ
പിന്നെയും പിന്നെയും ജീവന് ജീവനായി
അരികിൽ നിൽപ്പൂ നിയെന്നും
നിനക്കായ് മതി ജീവിച്ചിടാൻ
ഞാനെന്നും നിന്നിലെ അംശമായ്
വിരഹവും എന്തൊരു സുഗന്ധം
പോയില്ലേ പോയില്ലേ നീയകലെ
എന്തിനു പോയെന്നു ചൊല്ലിടാതെ

ജെസ്ന ജെയിംസ്

# സ്ത്രീ പുരുഷ  സമത്വം

അനുമോൾ ഷാജി

ഒരു ഭ്രൂണം  അമ്മയുടെ ഉദരത്തിൽ ഉത്ഭവിക്കുമ്പോൾ മുതൽ അതിനെക്കുറിച്ചുള്ള പ്രതീക്ഷ അച്ഛനമ്മമാരിൽ നിറയുന്നു . ആ കുഞ്ഞിന്റെ വളർച്ചയുടെ ഓരോ കാലഘട്ടത്തിലും അച്ചനമ്മമാർ ആ കുഞ്ഞിനോടൊപ്പം തന്നെ ഉണ്ട് ആ കുഞ്ഞ ജനിച്ച നാളുകൾക്കുശേഷം അതു കമഴുമ്പോൾ , പിച്ചവയ്ക്കുമ്പോൾ , സംസാരിച്ചുതുടങ്ങുമ്പോൾ അച്ഛനമ്മമാർ അതിനോടൊപ്പം തന്നെ ഉണ്ട് ..ആ കുട്ടി വളർന്നു വലുതാവുന്നതുവരെ അച്ഛനമ്മമാർ ആൺകുട്ടിക്കും , പെൺകുട്ടിക്കും ഒരേ സ്വതന്ത്ര്യമാണ് നൽകുന്നത് . എന്നാൽ അതിനുശേഷം ഇരുവർക്കും രണ്ടുതരത്തിലായിരിക്കും അതു നൽകുക . ആൺകുട്ടികൾ ആഗ്രഹിക്കുന്ന രീതിയിൽ ഉള്ള സ്വതന്ത്ര്യം അച്ഛനമ്മമാർ അവർക്കുനൽകുന്നു . അവർ എവിടെ പോകണമെന്നാവശ്യപ്പെട്ടാലും അവരെ അവിടേക്കയക്കുന്നു .അവർപോയി വരാൻ താമസിച്ചാൽ അച്ഛനമ്മമാർ ഒട്ടും തന്നെ പരിഭ്രമിക്കുന്നില്ല അവർ വന്നോളും എന്നു പറഞ്ഞു ആ കാര്യത്തെ ലക്കരിക്കുന്നു ഇതേ സ്ഥാനത്തു ഒരു പെൺകുട്ടിയാണെങ്കിലോ ഇവിടെ കഥാഗതിക്കുമാറ്റാം വരും അവർ എവിടെയെങ്കിലും പോകണമെന്നുപറഞ്ഞാൽ അവർക്ക് അതിന് വളരേയേറെ നിബന്ധനകളും വിലക്കുകളും ഏർപ്പെടുത്തുന്നു അവർ എവിടെയേലും പോയി വരാൻ അൽപ്പം വൈകിയാൽ പിന്നെ പരിഭ്രമമായി . പിന്നീട് അവർ വീട്ടിലെത്തുമ്പോൾ വളരെ ദേഷ്യപ്പെട്ടുമുഖത്തോടെ അവരോടു ചോദിയ്ക്കാൻ 100 ചോദ്യങ്ങൾ ഉണ്ടായിരിക്കും .

# സൗഹൃദം

എൻ സുഹൃത്താണെൻ നിഴൽ
എന്നിൽ നിറയും നന്മകൾ
പകരും ചങ്ങാതി
സ്നേഹവും നന്മയും എന്നിൽ
നിറയ്ക്കുന്ന എൻ കൂടെ
എന്നെന്നും എൻ സുഹൃത്ത്
നിത്യവും കരുതുന്ന എൻ സ്നേഹം
നിലനിർത്തും എൻ സുഹൃത്താണെൻ
ആത്മാർത്ഥ സുഹൃത്ത്
സൗഹൃദ ബന്ധം എൻ ഓർമ്മകൾ
നിശബ്ദതയുടെ  ഓളങ്ങൾ
നിറഞ്ഞൊരാ ആശംസകൾ
ദിനങ്ങൾ മറഞ്ഞൊരാ സൗഹൃദത്തിൻ
വെമ്പൽ കൊള്ളുമെൻ മനസ്സ്
എന്നിലെ കഴിവുകൾ  എന്നും
വളർത്തുന്ന എൻ സുഹൃത്ത്
ജീവിതത്തിൽ വിലമതിക്കുമൊരാ
സുഹൃത്ത്  ബന്ധം
ഇനിയും തിരികെ വരുമോ


ബിസ്മി ബെന്നി

# നവകേരളം

മഴതേങ്ങും രാവിൽ
മലയെന്നീ നോവിൽ
പെരിയാറിൻ തീരം തേടി
മനമെന്നായി ചാരേ
മതമെങ്ങോ ദൂരേ
മലയാളമൊരമ്മയായി
സ്നേഹമായി കാരുണ്യമായി
ജീവനിൽ നാമ്മൊന്നായി
ജീവിതം ഒരമ്മ ചൂടായി
നെഞ്ചിലായി തീർന്നും
രാവും പകലും ഓരോനിമിഷവും
ഓരോ ശ്വസം തേങ്ങി തേങ്ങി
നോവിൽ മടിയിൽനാമൊന്നായി
ഉള്ളുരുന്ന കണ്ണനിറഞ്ഞും
കൈകൾ വിരിച്ചും
സ്വന്തം മണ്ണിൽ ദൈവത്തിൻ
നാടായി....


ജോബിന

# DRAWINGS  BY TONY MATHEW










Thank You